**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6256** **17-03-2023 - ൽ മറുപടിയ്ക്ക്**

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ ഓഹരി ഉടമകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ള തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലെ നാളിതുവരെയുള്ള വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേര് വിവരം ലഭ്യമാക്കുമോ; | (എ) | ബാങ്കിൽ വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണം നിലവിൽ 20363 ആണ്. വോട്ടവകാശമുള്ള അംഗങ്ങളെ സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും പരിഗണനയിലാണ്.ഇക്കാരണത്താൽ ബാങ്കിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ പട്ടിക അന്തിമമാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഭരണം നിലവിൽ വന്നതിനുശേഷം പുതുതായി അംഗത്വം നൽകിയ വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ; | (ബി) | 12-04-2017 മുതൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റിവ് ഭരണത്തിൽ ആർക്കും തന്നെ പുതുതായി അംഗത്വം നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത ഭരണം നിലവിൽ വന്നതിനുശേഷം നീക്കം ചെയ്ത വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ? | (സി) | നീക്കം ചെയ്ത വോട്ടവകാശമുള്ള അംഗങ്ങളെ സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും പരിഗണനയിലാണ്. ഇക്കാരണത്താൽ ബാങ്കിലെ വോട്ടവകാശമുള്ള നീക്കം ചെയ്ത അംഗങ്ങളുടെ പട്ടിക അന്തിമമാക്കിയിട്ടില്ല . |

സെക്ഷൻ ഓഫീസർ